# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 4076/11/12/2022/ TVM**

പരാതികക്ഷി : രാഗം റഹിം,ടി.സി.35/968
ബിലാൽനഗർ,വള്ളക്കടവ്,തിരുവനന്തപുര

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 27.04.2024**

വലിയതുറ മുട്ടത്തറ അട്ടകുളങ്ങര റോഡിൻെറ ശോചനീയമായ അവസ്ഥയാണ് പരാതിക്കടിസ്ഥാനമായ കാര്യം.

പരാതി സംഗതിയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു റിപ്പോർട്ട് സമർപ്പിച്ചു.

പരാതിയിൽ പരാമർശിക്കുന്ന മണക്കാട്,വലിയതുറ, ബീമാപ്പള്ളി – വലിയതുറ എയർപോർട്ട് എന്നീ പ്രസ്തുത റോഡിൻെറ നവീകരണ പ്രവൃത്തികൾ നടത്തുന്നതിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും, ,തുടർനടപടികൾ നടന്നുവരുന്നതായും, ബീമാപ്പള്ളി പൂന്തുറ റോഡിൽ വെള്ളക്കെട്ടിനു പരിഹാരമായി ഇൻറർലോക്ക് പ്രവൃത്തികൾ നടന്നുവരുന്നതായും റിപ്പോർട്ടിൽ കാണുന്നു.

വലിയതുറ മുട്ടത്തറ അട്ടകുളങ്ങര റോഡിൻെറ നവീകരണ പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ